ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് ചട്ടങ്ങളും വ്യവസ്ഥകളും നിലവിലില്ല. ഈ സ്ഥാപനങ്ങൾ സർക്കാരിന് നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കോളേജ് കാമ്പസ്സിൽ ഇവ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയത്.

(സി) പ്രസ്തുത സ്ഥാപനങ്ങൾ സർക്കാരിന് നൽകിയ നിവേദനത്തിൻമേൽ കൈക്കൊണ്ട തീരുമാനങ്ങൾ കോളേജ് മാനേജ്മെന്റ് കമ്മിറ്റികളിലും, എച്ച്. ഡി. സി. സമിതികളിലും സമർപ്പിച്ച് അനുമതി വാങ്ങിയാണ് അവ കാമ്പസ്സിൽ പ്രവർത്തിച്ചു വരുന്നത്. ഒരു നിശ്ചിത കാലയളവിലേക്കാണ് ഇവ നൽകുന്നത്.

(ഡി) മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്ത് പ്രവർത്തിക്കുന്ന ടൂറിസം പ്രമോഷൻ കൗൺസിലിന്റെ സ്ഥാപനം അതിന്റെ ലാഭത്തിന്റെ 55% എച്ച്. ഡി. എസ്.-ൽ അടയ്ക്കുന്നുണ്ട്. ഈ സ്ഥാപനത്തിന് ആശുപത്രി വികസന സമിതിയാണ് പ്രവർത്തിക്കാൻ അനുവാദം നൽകിയിട്ടുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ അനുവാദത്തോടെ മെഡിക്കൽ കോളേജ് കാമ്പസ്സിൽ പ്രവർത്തിക്കുന്ന ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കോഫി വെന്റിംഗ് മെഷീനിലൂടെ വാടകയിനത്തിൽ പ്രതിമാസം 1000 രൂപ മെഡിക്കൽ കോളേജ് ആഫീസിൽ ലഭിക്കുന്നുണ്ട്. മറ്റ് സ്ഥാപനങ്ങളായ ധന്വന്തരി സെന്റർ, കെ. എച്ച്. ആർ. ഡബ്ല്യു. എസ്., സ്വകാര്യ ബാങ്കിന്റെ എ. റ്റി. എം. ശാഖ എന്നിവ ഒരു തുകയും മെഡിക്കൽ കോളേജിൽ അടയ്ക്കുന്നില്ല.

(ഇ) പ്രസ്തുത സ്ഥാപനങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, എച്ച്. ഡി. എസ്. സെക്രട്ടറി എന്നിവരുമായുള്ള കരാറുകളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(എഫ്) സർക്കാർ കത്ത് നമ്പർ 49383/കെ1/2001/ആകുവ. തീയതി 31-12-2001 പ്രകാരമാണ് എ. റ്റി. എം. ശാഖയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ജി) വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എച്ച്) എ. റ്റി. എം. ശാഖ തുടങ്ങുന്നതിന് അനുമതിക്കായി ആരും അപേക്ഷിച്ചിട്ടില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം

132 [5930] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ തസ്തികകളിലായി ദിവസക്കൂലി ഇനത്തിൽ എത്ര പേർ ജോലിചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അഞ്ച് വർഷത്തിലധികമായി തുടർച്ചയായി ജോലിചെയ്യുന്ന താൽക്കാലിക ജീവനക്കാരുടെ വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ഡി) എച്ച്. ഡി. എസ്. സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർ ഇവിടെ സേവനമനുഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ഇ) എച്ച്. ഡി. എസ്. ഓഫീസുകളിൽ സാമ്പത്തിക ഇടപാടുകൾ താൽക്കാലിക ജീവനക്കാർ കൈകാര്യം ചെയ്യുന്നുണ്ടോ; ഇത്തരം താൽക്കാലിക ജീവനക്കാരുടെ മേൽ സർക്കാരിന് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) എച്ച്. ഡി. എസ്.-ന്റെ പ്രധാനപ്പെട്ട ജോലികളും സാമ്പത്തിക ഇടപാടുകളും കൈകാര്യം ചെയ്യുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽനിന്നും മതിയായ ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) എച്ച്. ഡി. എസ്.-ന്റെ വരുമാനമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും, ഭരണ സമിതിയിൽ ആരൊക്കെയാണുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഓഫീസ് നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തിയും ഒഴിവുകളെക്കുറിച്ചുള്ള പൂർണ്ണ വിവരം പബ്ലിക് റിലേഷൻസ് ഡയറക്ടർ മുഖേന പ്രമുഖ പത്രങ്ങളിൽ പരസ്യപ്പെടുത്തിയതിനുശേഷം ഇന്റർവ്യൂ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു നിയമിക്കുകയാണ് ചെയ്തുവരുന്നത്.

(ബി) 190 പേർ വിവിധ തസ്തികകളിലായി ദിവസക്കൂലി ഇനത്തിലും കരാർ വ്യവസ്ഥയിലും ജോലി ചെയ്യുന്നു.

(സി) തസ്തിക തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) എച്ച്. ഡി. എസ്സിലെ ജീവനക്കാർക്ക് 58 വയസ്സുവരെ സർവ്വീസിൽ തുടരാമെന്ന് ജനറൽബോഡി തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 58 വയസ്സ് കഴിയാത്ത സർവ്വീസിൽനിന്നും വിരമിച്ച പരിചയ സമ്പന്നരായ 21 പേരെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ വിവിധ തസ്തികകളിലായി ആശുപത്രി വികസന സമിതിയുടെ കീഴിൽ നിയമിച്ചിട്ടുണ്ട്. ഇവരെ 58 വയസ്സ് തികയുന്നതനുസരിച്ച് പിരിച്ചു വിടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എച്ച്. ഡി. എസ്.-ലെ എല്ലാ ജീവനക്കാരും താൽക്കാലിക ജീവനക്കാരായതിനാൽ എല്ലാ ജോലികളും അവരെക്കൊണ്ടാണ് ചെയ്യിക്കുന്നത്. സാമ്പത്തിക ഇടപാടുകളും ഈ താൽക്കാലിക ജീവനക്കാർ കൈകാര്യം ചെയ്യുന്നു. ഇവരുടെ മേൽനോട്ടം സർക്കാർ ഉദ്യോഗസ്ഥന്മാരായ എച്ച്. ഡി. എസ്സ്. സെക്രട്ടറിയുടേയും, ചെയർമാന്റേയും നിയന്ത്രണത്തിലാണ്.

(എഫ്) ഇനിമേലിൽ എച്ച്. ഡി. എസ്സിൽ യാതൊരു തസ്തികയിലും ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കേണ്ടതില്ലെന്ന് ആശുപത്രി വികസന സമിതിയുടെ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

(ജി) എച്ച്. ഡി. എസ്സിന് മെഡിക്കൽ സ്റ്റോർ, പ്രവേശന കളക്ഷൻ, ആൾട്രാ സൗണ്ട് സ്കാനിംഗ്, സി. ടി. സ്കാനിംഗ്, എക്സ്റേ, ഇ. സി. ജി., റ്റി. എം. റ്റി. എന്റോസ്കോപ്പി, ലബോറട്ടറി, വിശ്രമസങ്കേതം, സ്റ്റേഷനറി കൗണ്ടർ, ടോൾ കളക്ഷൻ, ഓപ്പറേഷൻ ചാർജ്ജ്, ഹോസ്പിറ്റൽ സ്റ്റോപ്പേജ് ചാർജ്ജ് എന്നിവ മുഖേന വരുമാനമുണ്ട്. ജില്ലാ കളക്ടർ, ആശുപത്രി സൂപ്രണ്ട്, പ്രിൻസിപ്പാൾ, നേഴ്സിംഗ് സൂപ്രണ്ട്, പി. ഡബ്ല്യു.ഡി.-എ. ഇ., വാട്ടർ അതോറിറ്റി-എ. ഇ., തിരുവനന്തപുരം ജില്ലയിലെ എം. എൽ. എ.-മാർ, നിയമസഭാ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, ലയൺസ് ക്ലബ്, റോട്ടറി ക്ലബ്ബ്, വൈസ്മാൻ ക്ലബ്, എക്സ്-സർവ്വീസ്മാൻ പ്രതിനിധി, നെഹ്റു യുവകേന്ദ്ര, വ്യാപാരി വ്യവസായി എന്നിവയുടെ പ്രതിനിധികൾ, ഗവൺമെന്റ് നോമിനി എന്നിവർ എച്ച്. ഡി. എസ്. ഭരണസമിതി അംഗങ്ങളാണ്.

പാലോറ മലയിലെ ആയുർവേദ റിസോർട്ട്

133 [5931] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സമഗ്ര ആയുർവേദ ചികിൽസ ലഭ്യമാക്കുക,' എന്ന ലക്ഷ്യമിട്ട് കോഴിക്കോട് ജില്ലയിലെ തലക്കൊളത്തൂർ പഞ്ചായത്തിൽപ്പെട്ട പാലോറ മലയിലെ സർക്കാർ ആയുർവേദ റിസോർട്ട് പ്രവർത്തനമാരംഭിച്ചത് എന്നാണ്;

(ബി) നിലവിൽ ഈ റിസോർട്ടിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(സി) ആയതിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലോറ മലയിൽ സർക്കാർ ആയുർവേദ റിസോർട്ട് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി, സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly